THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**GRADE-7**

QUESTION BANK

## ഒരു തെയ്യത്തിന്റെ കഥ

1.ആചരിക്കാത്ത വ്രതങ്ങളില്ല. ചെയ്യാത്ത ദാനധർമങ്ങളില്ല.

ഈ വാക്യങ്ങളെ ഒറ്റവാക്യമാക്കുക. രണ്ടു രീതികളും താരതമ്യം ചെയ്ത് എഴുതുക.

2.പൊരുൾ വ്യക്തമാക്കുക.

"കുടകുമലകളിൽ പലവട്ടം മഴ പെയ്തു. പിന്നെ വെയിലും മഴയും വന്നു. ഈ കഥയിൽ ലക്ഷ്യമാക്കുന്നതെന്ത്?

3."അവന്റെ കണ്ണുകളിൽനിന്ന് തീനാളങ്ങൾ ഊർന്നിറങ്ങി. ശ്വാസം കൊടുങ്കാറ്റാ വിയർപ്പ് സാഗരമായി. ഉടൽ ഇടിവാളായി. കളരി ദേവതകൾ തുണയായി" - ഈ വ കളിൽ പ്രകടമാകുന്നതെന്ത്?

4."ആയുധം പോയതു പോയി ആയുസ്സും. രണ്ടും ഒന്നുപോലെ." ഇ ഭാഷണത്തിൽ നിന്നും ഉരുത്തിരിയുന്ന നിങ്ങളുടെ ധാരണകൾ എന്തെല്ലാം?

5.ആ കാലഘട്ടത്തിലെ സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് പാഠം നൽകുന്നത്?

6.പിതാവിന്റെ  കോപവും മാതാവിന്റെ അനുകമ്പയും മന്ദപ്പന്റെ മനസ്സിൽ ഉണർത്തിവിട്ട വികാരവിചാരങ്ങൾ എന്തൊക്കെയായിരിക്കും?

7.മന്ദപ്പൻ വെട്ടേറ്റുവീണപ്പോൾ ചെമ്മരത്തിയുടെ ചിന്തകൾ എന്തെല്ലാമായിരിക്കും

8.“അമ്മാവനും അമ്മായിക്കും മന്ദപ്പനും അണ്ണക്കനും രണ്ടല്ല” - ഈ പ്രസ്താവനയെ സാധൂകരിക്കുന്ന എന്തെല്ലാം പ്രസ്താവങ്ങൾ പാഠത്തിലുണ്ട്?

9.പടയ്ക്ക് പുറപ്പെടാൻ മന്ദപ്പനെ പ്രേരിപ്പിച്ചതെന്ത്?

10.മന്ദപ്പന്റെ ഹൃദയംനൊന്ത നിമിഷങ്ങൾ ഏതെല്ലാം?

11.മന്ദപ്പൻ നല്ലൊരു വില്ലാളിവീരനാണെന്നു സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാമാണ് കഥയിലുള്ളത്?

12.കുറുപ്പ് തയാറാക്കുക.

കേരളത്തിലെ അനുഷ്ഠാനകലകൾ

13.നിങ്ങളുടെ നാട്ടിൽ പ്രചാരമുള്ള നാടൻ കലാരൂപങ്ങൾ ഏതെല്ലാമാണ്? അവയുടെ പിന്നിലുള്ള ഐതിഹ്യം എന്താണെന്ന് അന്വേഷിച്ചു കണ്ടെത്തുക.